**പതിനാലാം കേരള നിയമസഭ**
**പത്തൊൻപതാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ **173** **10.03.2020** - ൽ മറുപടിയ്ക്ക്

## <u>ശ്രുതിതരംഗം പദ്ധതി</u>

<u>ചോദ്യം</u>

ശ്രീമതി യു.പ്രതിഭ
ശ്രീ.കെ.സുരേഷ് കുറുപ്പ്
ശ്രീ.കെ.ബാബു
ശ്രീ.കെ.യു.ജനീഷ് കുമാർ

<u>മറുപടി</u>

കെ.കെ.ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യനീതിയും
വനിത-ശിശുവികസനവും
വകുപ്പ് മന്ത്രി.)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് അഞ്ച് വയസ്സിൽ താഴെയുള്ള ശ്രവണ വൈകല്യമുള്ള കുട്ടികൾക്കായി ശ്രുതിതരംഗം പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | കോക്ലിയർ ഇംപ്ലാന്റേഷൻ സർജറിയിലൂടെ കേൾവി ശക്തിയും ഓഡിറ്ററി വെർബൽ റീഹാബിലി-റ്റേഷനിലൂടെ സംസാരശേഷിയും വീണ്ടെടുക്കുന്നതിന് ഒരു കുട്ടിയ്ക്ക് എത്ര തുകയാണ് ഈ പദ്ധതി പ്രകാരം അനുവദിക്കുന്നതെന്ന് അറിയിക്കാമോ; | (ബി) | ഒരു കുട്ടിയ്ക്ക് കോക്ലിയാർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ നടത്തുന്നതിനായി 3,79,240/- രൂപയും രണ്ടു വർഷം നീണ്ടു നിൽക്കുന്ന ആഡിറ്ററി വെർബൽ ഹബിലിറ്റേഷനായി 50,000/- രൂപയും ചേർത്ത് ആകെ 4,29,240/- രൂപയാണ് ചെലവ് വരുന്നത്. |
| (സി) | ഏതെല്ലാം വകുപ്പുകൾ ചേർന്നാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ? | (സി) | സാമൂഹ്യനീതി വകുപ്പും ആരോഗ്യ വകുപ്പും സംയുക്തമായിട്ടാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കി വരുന്നത്. |

**സെക്ഷൻ ഓഫീസർ**